**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3336** **04-08-2021 - ൽ മറുപടിയ്ക്ക്**

**അടിച്ചിപ്പുഴ ആദിവാസി കോളനിയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളില്ലാത്ത പട്ടികവർഗ്ഗ മേഖലയായ അടിച്ചിപ്പുഴ ആദിവാസി കോളനിയിൽ റേഷൻ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ആദിവാസി ഊരുകളിലെ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി ആദിവാസി കുടുംബങ്ങൾ ഉൾപ്പെടുന്ന മേഖലകളെ ബന്ധിപ്പിച്ച് മാസത്തിൽ 2 തവണ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' റാന്നി താലൂക്കിലെ അടിച്ചിപ്പുഴയിൽ 19.07.2021 ൽ ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ മന്ത്രി ഉത്ഘാടനം ചെയ്യുകയുണ്ടായി. |
| (ബി) | ആദിവാസി മേഖലയിൽ ശിശു മരണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആദിവാസി യുവതികൾക്കും കുഞ്ഞുങ്ങൾക്കും റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരങ്ങളും വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | റേഷൻ കടകൾ മുഖേന സമ്പുഷ്ടീകരിച്ച അരി ഉൾപ്പെടെ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ആദിവാസി മേഖലയിലെ ജനങ്ങളുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരങ്ങൾ നിലവിൽ വിതരണം ചെയ്യുന്നില്ല. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ